(സി) കാർഷികം, കാർഷികേതരം, ഭവന വായ്പ, മറ്റ് ഹ്രസ്വകാല വായ്പ എന്നീ മേഖലകളിലാണ് വായ്പ നൽകിവരുന്നത്.

(ഡി) 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ട് പ്രകാരം കാർഷിക-കാർഷികേതര വായ്പകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾക്ക് അനുസൃതമായാണ് കർഷകർക്കുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

കാർഷിക ഗ്രാമ വികസന ബാങ്കിന് വഴിവിട്ട സഹായം

89 (4080) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്ക് കേന്ദ്ര ബാങ്കിന് പതിമൂന്ന് കോടി രൂപയുടെ കുടിശ്ശിക അടയ്ക്കാൻ ഉണ്ടായിരുന്നോ; ഈ കുടിശ്ശിക അടച്ചുതീർത്തോ; എങ്ങനെയാണ് ഈ കുടിശ്ശിക അടച്ചുതീർത്തത് ;

(ബി) കുടിശ്ശിക അടയ്ക്കുവാനുള്ള ബാങ്കുകൾക്കെല്ലാം കേന്ദ്രബാങ്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കാറുണ്ടോ; ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാങ്കുകൾക്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ചു; വിശദാംശങ്ങൾ നൽകുമോ ;

(സി) നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിൽ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപ നൽകി; അതിൽ എത്ര കോടി രൂപ കണക്കിൽ വരവ് വച്ച് കുടിശ്ശിക ഇല്ലാതാക്കി; വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ വഴിവിട്ട സഹായം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്കിന് ചെയ്യാനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 30-4-2014-ലെ കണക്ക്പ്രകാരം കേന്ദ്ര ബാങ്കിന് 13.02 കോടി രൂപയുടെ കടശ്ശിക അടയ്ക്കാനുണ്ടായിരുന്നു. കുടിശ്ശിക തുക പുനഃക്രമീകരിച്ച് 32 പാദവാർഷിക ഗഡുക്കളായി അടച്ചുതീർക്കാൻ അനുവാദം നൽകുകവഴി കുടിശ്ശിക അടച്ചു തീർത്തിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രാഥമിക ബാങ്കുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര ബാങ്ക് നടപ്പിലാക്കിയ പദ്ധതി പ്രകാരം, അനുവദിച്ച വായ്പ തുക, അടച്ചുതീർക്കുന്നതിനായി നൽകിയ വായ്പ, 32 പാദവാർഷിക തവണകളിലായി അടച്ച് തീർക്കാൻ ധനസഹായം അനുവദിച്ചതിനെ തുടർന്നാണ് കുടിശ്ശിക അടച്ചു തീർത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ബാങ്ക് തലത്തിൽ കടിശ്ശികയുള്ളതും സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതും വായ്പ നീക്കിയിരിപ്പിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നതുമായ പ്രാഥമിക ബാങ്കുകൾക്കാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കുന്നതിനായി, നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 14-7-2014-ലും കിളിമാനൂർ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 13-9-2014-ലും കോഴിക്കോട് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് 3-11-2014-ലും അപേക്ഷ സമർപ്പിച്ചിരുന്നു. അതിൽ നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ച് നടപ്പിലാക്കുകയും മറ്റ് രണ്ട് ബാങ്കുകളുടെ അപേക്ഷകൾ അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലുമാണ്.

(സി) റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കിന് സാമ്പത്തിക സഹായമൊന്നും നൽകിയിട്ടില്ല. പദ്ധതി പ്രകാരം കടിശ്ശിക തുക പുനഃക്രമീകരിച്ച് 32 പാദവാർഷിക തവണകളായി അടച്ചുതീർക്കുന്നതിന് അനുവദിക്കുകയാണ് ചെയ്തത്. തിരിച്ചടവിന് അധിക കാലാവധി മാത്രമാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രാഥമിക സഹകരണ ബാങ്കുകളുടെ കടിശ്ശിക ഇല്ലാതാക്കുന്നതിനും കേന്ദ്ര ബാങ്കും പ്രാഥമിക ബാങ്കും തമ്മിലുള്ള ഇംബാലൻസ് ഒഴിവാക്കുന്നതിനുമാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയത്. ഇക്കാര്യത്തിൽ വഴിവിട്ട സഹായം ബാങ്കിന് നൽകിയിട്ടില്ല. നബാർഡിന്റെ പരിശോധന റിപ്പോർട്ടിലെ നിർദ്ദേശംകൂടി കണക്കിലെടുത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രാഥമിക ബാങ്കുകൾക്ക് പുനരുദ്ധാരണ പദ്ധതി അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന് മുതൽ ഇനത്തിലെ കടിശ്ശികയായ 6.57 കോടി രൂപ 10.50 ശതമാനം പലിശ ഉൾപ്പെടെ 32 പാദവാർഷിക തവണകളായും പലിശ ഇനത്തിലെ കടിശ്ശിക 6.45 കോടി രൂപ 32 പാദവാർഷിക തവണകളായും അടയ്ക്കാനുള്ള അനുവാദമാണ് നൽകിയിട്ടുള്ളത്.

റിസ്ക് ഫണ്ട് സ്കീം ആനുകൂല്യങ്ങൾ

90 (4081) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് എത്ര രൂപയാണ് പ്രീമിയമായി വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly